# THE SECOND EPISTLE OF JOHN
## യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം

1 നമ്മിൽ വസിക്കുന്നതും നമ്മോടുകൂടെ എന്നേക്കും
ഇരിക്കുന്നതുമായ സത്യം നിമിത്തം ഞാൻ മാത്രമല്ല,
2 സത്യത്തെ അറിഞ്ഞിരിക്കുന്നവർ എല്ലാവരും,
ഞാൻ സത്യത്തിൽ സ്നേഹിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട
വനിതയ്ക്കും അവളുടെ മക്കൾക്കും മൂപ്പനായ ഞാൻ
എഴുതുന്നത്: 3 പിതാവായ ദൈവത്തിങ്കൽനിന്നും
പിതാവിന്റെ പുത്രനായ യേശുക്രിസ്തുവിങ്കൽനിന്നും
സ്നേഹത്തിലും സത്യത്തിലും കൃപയും കനിവും
സമാധാനവും നമുക്ക് ഉണ്ടാകുമാറാകട്ടെ.
4 നമുക്ക് പിതാവിങ്കൽനിന്ന് കല്പന ലഭിച്ചതുപോലെ
നിന്റെ മക്കളിൽ ചിലർ സത്യത്തിൽ നടക്കുന്നത്
ഞാൻ കണ്ട് അത്യന്തം സന്തോഷിച്ചു. 5 ഇപ്പോഴോ
വനിതയേ, നാം അന്യോന്യം സ്നേഹിക്കേണം എന്ന്
ഞാൻ അപേക്ഷിക്കുന്നു; അത് പുതിയ കല്പനയായല്ല,
എന്നാൽ ആദിമുതൽ നമുക്ക് ഉണ്ടായിരുന്നതു
തന്നെ ഞാൻ നിനക്ക് എഴുതുന്നു. 6 നാം അവന്റെ
കല്പനകളെ അനുസരിച്ചു നടക്കുന്നതു തന്നെ സ്നേഹം
ആകുന്നു. നിങ്ങൾ ആദിമുതൽ കേട്ടതുപോലെ
സ്നേഹത്തിൽ നടക്കണം എന്നുള്ളതാണ് ഈ
കല്പന. 7 യേശുക്രിസ്തുവിനെ ജഡത്തിൽ വന്നവൻ
എന്ന് സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും
ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നുവല്ലോ. വഞ്ചകനും
എതിർക്രിസ്തുവും ഇങ്ങനെയുള്ളവൻ ആകുന്നു.
8 ഞങ്ങളുടെ *പ്രയത്നഫലം നഷ്ടപ്പെടുത്താതെ നിങ്ങൾ

* 1. അദ്ധ്യായം.. 8 ഞങ്ങളുടെ ചില കയ്യെഴുത്തുപ്രതികളിൽ ഞങ്ങളുടെ എന്നതിന് പകരം നിങ്ങളുടെ എന്നാണ്

പൂർണ്ണപ്രതിഫലം പ്രാപിക്കേണ്ടതിന് നിങ്ങളെത്തന്നെ
സൂക്ഷിച്ചുകൊള്ളുവിൻ. 9 ക്രിസ്തുവിന്റെ ഉപദേശത്തിൽ
നിലനിൽക്കാതെ അതിർ കടന്നുപോകുന്നവന് ദൈവം
ഇല്ല; ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും
പുത്രനും ഉണ്ട്. 10 ഈ ഉപദേശവും കൊണ്ടല്ലാതെ
ആരെങ്കിലും നിങ്ങളുടെ അടുക്കൽ വന്നാൽ അവനെ
നിങ്ങളുടെ വീട്ടിൽ സ്വീകരിക്കുകയും വന്ദനം ചെയ്യുകയും
അരുത്. 11 അവനെ വന്ദനം ചെയ്യുന്നവൻ അവന്റെ
ദുഷ്പ്രവൃത്തികളിൽ പങ്കാളിയല്ലോ.
12 നിങ്ങൾക്ക് എഴുതുവാൻ പലതും ഉണ്ട്;
എങ്കിലും കടലാസ്സിലും മഷികൊണ്ടും എഴുതുവാൻ
എനിക്ക് മനസ്സില്ല. എന്നാൽ നമ്മുടെ സന്തോഷം
പൂർണ്ണമാകേണ്ടതിന് നിങ്ങളുടെ അടുക്കൽ വന്ന്
മുഖാമുഖമായി സംസാരിക്കുവാൻ ആശിക്കുന്നു. 13 നിന്റെ
തിരഞ്ഞെടുക്കപ്പെട്ട സഹോദരിയുടെ മക്കൾ നിനക്ക്
വന്ദനം ചൊല്ലുന്നു.

# മലയാളം ബൈബിള്

The Indian Revised Version Holy Bible in the Malayalam language of India (BCS 2017)

copyright © 2017 Bridge Communication Systems

Language: മലയാളം (Malayalam)

Status of the project:

Stage 1 - Initial Drafting by Mother Tongue Translators -- Completed
Stage 2 - Community Checking by Church -- Completed
Stage 3 - Local Consultant (Theologian/Linguist) Checking -- Completed
Stage 4 - Church Network Leaders Checking -- Completed
Stage 5 - Further Quality Checking -- In Progress

This translation is made available to you under the terms of the Creative Commons Attribution Share-Alike license 4.0.

You have permission to share and redistribute this Bible translation in any format and to make reasonable revisions and adaptations of this translation, provided that:

- You include the above copyright and source information.
- If you make any changes to the text, you must indicate that you did so in a way that makes it clear that the original licensor is not necessarily endorsing your changes.
- If you redistribute this text, you must distribute your contributions under the same license as the original.

Pictures included with Scriptures and other documents on this site are licensed just for use with those Scriptures and documents. For other uses, please contact the respective copyright owners.

Note that in addition to the rules above, revising and adapting God's Word involves a great responsibility to be true to God's Word. See Revelation 22:18-19.

2018-11-29

PDF generated using Haiola and XeLaTeX on 12 Jun 2019 from source files dated 3 Jun 2019

8b989647-71e9-5be8-9094-ee99e3d6ae08